■ 3 മണിക്കൂറിൽ പാളയം മാർക്കറ്റ് ക്ലീൻ

# ഇവിടെയിതാ ഒരു ക്ലീൻ കേരള സ്റ്റോറി

■ 20 ടൺ മാലിന്യമാണ് അഞ്ഞൂറോളം തൊഴിലാളികൾ പാളയത്തുനിന്ന് നീക്കം ചെയ്തത്

■ സിഐടിയു സ്ഥാപക ദിനമായ 30 വരെ ശുചീകരണ പ്രവർത്തനങ്ങൾ തുടരും

സ്വന്തം ലേഖകൻ

തിരുവനന്തപുരം

തലസ്ഥാനത്തെ ഏറ്റവും തിരക്കുള്ള പാളയം മാർക്കറ്റ് പരിസരം. ഞായർ നേരം പുലർന്നപ്പോൾ തൊഴിലാളികളെക്കൊണ്ട് മാർക്കറ്റ് നിറഞ്ഞു. പ്രദേശമാകെ എട്ടായി തിരിച്ച് എല്ലാവരും ഓരോ സംഘമായി തിരിഞ്ഞ് മാലിന്യക്കൂനകൾക്കരികിലേക്ക്. കൂടെ തദ്ദേശമന്ത്രി എം ബി രാജേഷ്, തൊഴിൽമന്ത്രി വി ശിവൻകുട്ടി, സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം എംപി, മറ്റു നേതാക്കൾ, ജനപ്രതിനിധികൾ. എല്ലാവരും ചേർന്ന് മാലിന്യക്കൂമ്പാരങ്ങൾ ഒന്നൊന്നായി മൺവെട്ടി കൊണ്ട് കോരി കുട്ടകളിലാക്കി. തൊഴിലാളികൾക്കൊപ്പം വർധിതാവേശത്തോടെ കർമനിരതരായി മന്ത്രിമാരും നേതാക്കളും അണിചേർന്നതോടെ കാഴ്ചക്കാരായി നാട്ടുകാരും മാറിനിന്നില്ല.

ശേഖരിച്ച മാലിന്യത്തിൽനിന്ന് പ്ലാസ്റ്റിക്കും കുപ്പികളും വളന്റിയർമാരായ തൊഴിലാളികൾ അപ്പോൾത്തന്നെ വേർതിരിച്ച് കോർപറേഷൻ അധികൃതരെ ഏൽപ്പിച്ചു. കൃഷിക്കുപയോഗിക്കാവുന്ന ജൈവമാലിന്യങ്ങൾ ആവശ്യപ്പെട്ട കർഷകരുടെ കൃഷിയിടങ്ങളിലെത്തിച്ച് നൽകി. ബാക്കിവന്ന മാലിന്യങ്ങൾ നിർമാർജനം ചെയ്തു. 20 ടൺ മാലിന്യമാണ് അഞ്ഞൂറോളം തൊഴിലാളികൾ പാളയത്തുനിന്ന് നീക്കം ചെയ്തത്. ശുചീകരണസ്ഥലത്ത് ആംബുലൻസ് ഉൾപ്പെടെ സർവ സജ്ജീകരണവുമൊരുക്കിയിരുന്നു. ഭക്ഷണവും വെള്ളവുമായി സന്നദ്ധപ്രവർത്തരും. മൂന്ന് മണിക്കൂർകൊണ്ട് പാളയം മാർക്കറ്റ് പരിസരം ക്ലീനായി.



സിഐടിയു ശുചീകരണ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം പാളയം മാർക്കറ്റിൽ മന്ത്രി എം ബി രാജേഷ് നിർവഹിക്കുന്നു. സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം, മന്ത്രി വി ശിവൻകുട്ടി, സി ജയൻബാബു, ആർ രാമു, സി കെ ഹരികൃഷ്ണൻ തുടങ്ങിയവർ സമീപം

മാലിന്യമുക്ത കേരളം സൃഷ്ടിക്കുമെന്ന ജനകീയ സർക്കാരിന്റെ പ്രഖ്യാപനം ലക്ഷ്യത്തിലെത്തിക്കാൻ സർവ സജ്ജരായി ലക്ഷക്കണക്കിന് തൊഴിലാളികളാണ് സംസ്ഥാനമാകെ അവധി ദിനത്തിൽ രംഗത്തിറങ്ങിയത്. സിഐടിയു ആഹ്വാനപ്രകാരമുള്ള ശുചീകരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം പാളയം മാർക്കറ്റിൽ തദ്ദേശമന്ത്രി എം ബി രാജേഷ് നിർവഹിച്ചു.

തൊഴിലാളികൾക്കൊപ്പം വിവിധ ഇടങ്ങളിൽ മന്ത്രിമാരും മറ്റ് ജനപ്രതിനിധികളും ശുചീകരണത്തിൽ പങ്കാളികളായി. പാളയം മാർക്കറ്റിൽ സിഐടിയു സംസ്ഥാന ഭാരവാഹികളായ സി ജയൻബാബു, സി കെ ഹരികൃഷ്ണൻ, കെ എസ് സുനിൽകുമാർ, എസ് പുഷ്പലത, ആർ രാമു എന്നിവരും നേതൃത്വം നൽകി. ആദ്യ ദിനം സംസ്ഥാനത്ത് ഏരിയ കേന്ദ്രങ്ങളിലാണ് ശുചീകരണങ്ങൾക്ക് തുടക്കമായത്.

സിഐടിയു സ്ഥാപക ദിനമായ 30 വരെ തൊഴിലാളികളുടെ നേതൃത്വത്തിൽ മാലിന്യമുക്ത കേരളത്തിനായുള്ള ശുചീകരണ പ്രവർത്തനങ്ങൾ തുടരും.

# ആശാവർക്കർമാരെ പഠിപ്പിച്ച് മിടുക്കരാക്കും



തിരുവനന്തപുരത്ത് സാക്ഷരതാമിഷന്റെ പത്താംതരം തുല്യതാ കോഴ്സിൽ പഠിക്കുന്ന ആശാവർക്കർമാർ

■ സാക്ഷരതാ മിഷനിൽ പഠിതാക്കളായി രണ്ടായിരത്തിലേറെ ആശാമാർ

വി എസ് വിഷ്ണു പ്രസാദ്

തിരുവനന്തപുരം

ആരോഗ്യവളന്റിയർമാരായ ആശാവർക്കർമാരെ പഠിപ്പിച്ച് മിടുക്കരാക്കാൻ പദ്ധതിയുമായി ആരോഗ്യ കേരളം. ആശാവർക്കർമാരുടെ വിദ്യാഭ്യാസ യോഗ്യത എട്ടാം ക്ലാസിൽനിന്ന് പത്താം ക്ലാസ് ആക്കി ഉയർത്താൻ സർക്കാർ തീരുമാനിച്ചിരുന്നു. നിലവിലുള്ളവരിൽ പത്താംക്ലാസ് പാസാകാത്തവരെ സാക്ഷരതാമിഷന്റെ സഹായത്തോടെ പത്താതരം തുല്യതാ കോഴ്സിൽ ചേർത്ത് പഠിപ്പിക്കാനും തീരുമാനിച്ചു.

സംസ്ഥാനത്ത് 2039 ആശാവർക്കർമാരെയാണ് സാക്ഷരതാമിഷനിലൂടെ പഠിപ്പിക്കുന്നത്. ഇവരുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നിവ പൂർണമായും ആരോഗ്യകേരളമാണ് വഹിക്കുന്നത്.

കോവിഡ് കാലഘട്ടത്തിലുൾപ്പെടെ എല്ലാവരുടെയും സുരക്ഷ ഉറപ്പാക്കാൻ ഓടിനടക്കുന്നവരാണ് ആശാവർക്കർമാർ. അവരെ സഹായിക്കുന്ന നിലപാടാണ് സംസ്ഥാന സർക്കാർ എപ്പോഴും കൈക്കൊള്ളുന്നത്. അതിന്റെ തുടർ നടപടിയായിട്ടാണ് ആശാമാരെ വിദ്യാഭ്യാസപരമായി ഉയർത്തിക്കൊണ്ടുവരുന്നത്.

കോവിഡ്കാലത്ത് ആരോഗ്യ വിവര ശേഖരണങ്ങൾ ഓൺലൈനാക്കി മാറ്റിയിരുന്നു. ഇതിനായി കംപ്യൂട്ടർ പരിശീലനം ഉൾപ്പെടെ നൽകിയാണ് ഇവരെ സജ്ജരാക്കിയത്. ഇവർക്കുവേണ്ടി സാക്ഷരതാമിഷന്റെ ക്ലാസ് ആരംഭിച്ചു.

## എം വി ഗോവിന്ദൻ അനുശോചിച്ചു

തിരുവനന്തപുരം

മലപ്പുറം താനൂർ ഒട്ടുംപുറം തൂവൽതീരത്തുണ്ടായ ബോട്ടപകടത്തിൽ ഉറ്റവരെ നഷ്ടപ്പെട്ട കുടുംബാംഗങ്ങളുടെ കണ്ണീരിൽ പങ്കാളിയാകുന്നുവെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

മനുഷ്യസാധ്യമായ എല്ലാ രക്ഷാപ്രവർത്തനങ്ങളും നടക്കുകയാണ്. ഏകോപനത്തോടെയുള്ള അടിയന്തര രക്ഷാപ്രവർത്തനം നടത്താൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശം നൽകിയിട്ടുണ്ട്. സർക്കാർ സംവിധാനങ്ങളുമായി ചേർന്ന് രക്ഷാപ്രവർത്തനത്തിൽ പരിസരത്തെ മുഴുവനാളുകളും പങ്കാളികളാവണമെന്നും അദ്ദേഹം അഭ്യർഥിച്ചു.

## കെ എം ഷാജഹാന് എതിരായ പരാതി അച്ചടക്കസമിതിക്ക്

കൊച്ചി

യുട്യൂബ് ചാനലിലൂടെ ഹൈക്കോടതി ജഡ്ജിയെ അപകീർത്തിപ്പെടുത്തിയെന്ന പരാതിയിൽ അഡ്വ. കെ എം ഷാജഹാൻ നൽകിയ വിശദീകരണം കേരള ബാർ കൗൺസിൽ തള്ളി. തുടർനടപടിക്കായി പരാതി അച്ചടക്കസമിതിക്ക് വിട്ടു. കൊച്ചിയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

ഹൈക്കോടതി അഭിഭാഷക അസോസിയേഷൻ മുൻ പ്രസിഡന്റ് അഡ്വ. സൈബി ജോസ് കിടങ്ങൂർ, കേസുകൾ തീർപ്പാക്കാൻ ജഡ്ജിമാർക്ക് കോഴ നൽകിയെന്ന ആരോപണമുയർന്നപ്പോഴാണ് കെ എം ഷാജഹാൻ യുട്യൂബ് ചാനലിലൂടെ ഹൈക്കോടതി ജഡ്ജിക്കെതിരെ ഗുരുതര ആക്ഷേപങ്ങൾ ഉന്നയിച്ചത്. പരാമർശം ശ്രദ്ധയിൽപ്പെട്ട ഹൈക്കോടതി ഷാജഹാനെതിരെ കോടതിയലക്ഷ്യത്തിന് കേസെടുത്തിരുന്നു. തുടർന്നാണ് ബാർ കൗൺസിൽ വിശദീകരണം തേടിയത്.

അഡ്വ. സൈബി ജോസിനെതിരെ കോതമംഗലം കോട്ടപ്പടി സ്വദേശി ജയിംസ് മഞ്ഞുമ്മേൽക്കുടി നൽകിയ പരാതി ബാർ കൗൺസിൽ തള്ളി. പരാതിയിൽ കഴമ്പില്ലെന്ന് ബോധ്യപ്പെട്ടതിനാലാണ് തീരുമാനമെന്ന് ചെയർമാൻ കെ എൻ അനിൽകുമാർ പറഞ്ഞു. തന്റെ എതിർകക്ഷിയുടെ അഭിഭാഷകനായ സൈബി ജോസ്, കേസ് ഒത്തുതീർക്കാൻ ഭീഷണിപ്പെടുത്തിയെന്ന് ആരോപിച്ച് ജയിംസ് മഞ്ഞുമ്മേൽക്കുടി ബാർ കൗൺസിലിന് നൽകിയ പരാതി 2015ൽ തള്ളിയിരുന്നു. നടപടി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് വീണ്ടും നൽകിയ പരാതിയാണ് ഇപ്പോൾ തള്ളിയത്.




## കേന്ദ്രത്തിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ അണിചേരുക: കെജിഒഎ

കൊച്ചി

മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങളെയും സ്ഥാപനങ്ങളെയും തൊഴിലവകാശങ്ങളെയും തകർക്കുന്ന കേന്ദ്രനയങ്ങളെ ചെറുക്കാനും കേരള സർക്കാരിന്റെ പുരോഗമന ജനാധിപത്യ ബദലിനെ സംരക്ഷിക്കാനും കെജിഒഎ സംസ്ഥാന സമ്മേളനം ആഹ്വാനം ചെയ്തു. സംസ്ഥാന ട്രഷറർ പി വി ജിൻരാജ് പ്രമേയം അവതരിപ്പിച്ചു.

മനുസ്മൃതി ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനമാകണമെന്ന വാദമാണ് കേന്ദ്രസർക്കാർ ഉയർത്തുന്നത്. പാർലമെന്ററി ജനാധിപത്യത്തെ ദുർബലപ്പെടുത്തുന്ന നടപടികളെടുത്തും എതിർശബ്ദങ്ങളെ അടിച്ചമർത്തിയും മാധ്യമങ്ങളെയും ജുഡീഷ്യറിയെയും ഭയപ്പെടുത്തി വരുതിയിലാക്കാനുള്ള ശ്രമമാണ് നടത്തുന്നത്.

കർഷകസമരത്തിന് സഹായം ചെയ്ത എൻഎഫ്പിഇയുടെ അംഗീകാരം റദ്ദാക്കിയത് പുതിയ തൊഴിൽ നിയമഭേദഗതിയുടെ പരിണതഫലമാണ്. പ്രക്ഷോഭങ്ങളെ വർഗീയത ആളിക്കത്തിച്ച് തകർക്കാനും അതുവഴി ഭരണം നിലനിർത്താനുമാണ് കേന്ദ്രം ശ്രമിക്കുന്നത്.

നവ ഉദാരവൽക്കരണ നയങ്ങൾക്കെതിരെ ജനപക്ഷബദൽ അവതരിപ്പിച്ച് സിവിൽ സർവീസിനെ വിപുലീകരിച്ചാണ് കേരളത്തിലെ സർക്കാർ മുന്നോട്ടുപോകുന്നത്.

ക്ഷേമപദ്ധതികൾ വ്യാപിപ്പിച്ചും പൊതുമേഖലയെ സംരക്ഷിച്ചും അടിസ്ഥാനസൗകര്യ വികസനത്തിൽ ഇടപെടുന്ന ഇടതുപക്ഷ സർക്കാരിനെ തകർക്കാൻ പിന്തിരിപ്പൻ ശക്തികൾ ശ്രമിക്കുന്നു.

ഈ സാഹചര്യത്തിൽ രാജ്യത്തിന് മാതൃകയായ പുരോഗമന ജനാധിപത്യ ബദലിനെ സംരക്ഷിക്കാൻ ജീവനക്കാർ മുന്നോട്ടുവരണമെന്ന് സമ്മേളനം ആഹ്വാനം ചെയ്തു.

## കെജിഒഎ സംസ്ഥാന സമ്മേളനം: ഡോ. സിജി സോമരാജൻ സംസ്ഥാന വനിതാ കൺവീനർ

കൊച്ചി



കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ (കെജിഒഎ) 2023 സംസ്ഥാന വനിതാ കമ്മിറ്റി രൂപീകരിച്ചു. ഡോ. സിജി സോമരാജനെ വനിതാ കൺവീനറായി തെരഞ്ഞെടുത്തു. എം എസ് ലിംന, ഷേർളി പീറ്റർ, ആശ ദീപ് എന്നിവരെ ജോയിന്റ് കൺവീനർമാരായും തെരഞ്ഞെടുത്തു.

## എടത്തനാട്ടുകരയിൽ കാട്ടാനക്കൂട്ടം കൃഷി നശിപ്പിച്ചു

മണ്ണാർക്കാട്

എടത്തനാട്ടുകര കപ്പിയിൽ കാട്ടാനക്കൂട്ടം വ്യാപകമായി കൃഷി നശിപ്പിച്ചു. ഞായർ പുലർച്ചെയാണ് മൂന്ന് കാട്ടാനകൾ കൃഷിയിടത്തിൽ ഇറങ്ങിയത്. ഒരു കൊമ്പനും പിടിയും കുട്ടിയുമടങ്ങുന്ന സംഘം നേരം പുലരുംവരെ മേഖലയിൽ നിലയുറപ്പിച്ചു.

മഠത്തൊടി അബൂബക്കർ, പടിഞ്ഞാറപ്പള്ള സുബൈർ, മഠത്തൊടി അദീബ് ഫരിഹാൻ, എം സി കുട്ടപ്പൻ എന്നിവരുടെ ഒരു വർഷം മുതൽ ഏഴ് വർഷം വരെ പ്രായമുള്ള കവുങ്ങുകളും വാഴ, തെങ്ങ് തുടങ്ങിയവയും നശിപ്പിച്ചിട്ടുണ്ട്. കൃഷിയിടങ്ങൾക്ക് ചുറ്റും ലക്ഷങ്ങൾ ചെലവഴിച്ച് നിർമിച്ച സോളാർ വേലി തകർത്താണ് ആനക്കൂട്ടം അകത്തുകടന്നത്. കിളയംപ്പാടം, ചൂളി എന്നീ ജനവാസ കേന്ദ്രങ്ങളിലേക്ക് മലമുകളിൽനിന്ന് വെള്ളം എത്തിക്കുന്ന പൈപ്പുകളും ആനകൾ തകർത്തു.

മുമ്പ് എൻഎസ്എസ് എസ്റ്റേറ്റിലൂടെയാണ് ആനകൾ കൃഷിയിടങ്ങളിലേക്കും ജനവാസ പ്രദേശങ്ങളിലേക്കും വന്നിരുന്നത്. എസ്റ്റേറ്റിൽ സോളാർ വേലി സ്ഥാപിച്ചതും തൊഴിലാളികൾ കാവലുള്ളതുംമൂലം ഇതുവഴി ഒന്നരവർഷമായി ആനകൾ എത്തിയിരുന്നില്ല. ഞായറാഴ്ച ചൂളി കുറത്തിക്കുന്നിലൂടെ ഇറങ്ങിയാണ് കാട്ടാനക്കൂട്ടം കപ്പിയിലെത്തിയത്. ആനകൾ ജനവാസ മേഖലയിലെത്താൻ പുതിയ വഴി സ്വീകരിച്ചതിൽ പ്രദേശവാസികൾ ആശങ്കയിലാണ്. ഒരു കൊമ്പനും ഒരു പിടിയാനയും, ഒരു കുട്ടിയാനയുമാണ് കൂട്ടത്തിലുണ്ടായിരുന്നത്.

## മാലിന്യം വഴിയിൽ തള്ളിയാൽ വിട്ടുവീഴ്ചയില്ല: മന്ത്രി എം ബി രാജേഷ്

തിരുവനന്തപുരം

വഴിയിലോ പൊതു ഇടങ്ങളിലോ മാലിന്യം തള്ളിയാൽ കർശന നടപടി സ്വീകരിക്കുമെന്നും ഇക്കാര്യത്തിൽ വിട്ടുവീഴ്ചയ്ക്കില്ലെന്നും തദ്ദേശമന്ത്രി എം ബി രാജേഷ് പറഞ്ഞു.

സിഐടിയു നേതൃത്വത്തിലുള്ള ശുചീകരണ പ്രവർത്തനങ്ങളുടെ സംസ്ഥാന ഉദ്ഘാടനം നിർവഹിച്ചശേഷം മാധ്യമ പ്രവർത്തകരോട് പ്രതികരിക്കുകയായിരുന്നു മന്ത്രി. നിലവിൽ തദ്ദേശ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധന കർശനമാക്കിയിട്ടുണ്ട്. എല്ലാ ജില്ലയിലും പൊലീസിന്റെ ഒരു പരിശോധന യൂണിറ്റു കൂടി പ്രവർത്തിക്കുമെന്നും മന്ത്രി പറഞ്ഞു.

■ കെജിഒഎ സംസ്ഥാന സമ്മേളനം

# തൊഴിലെടുക്കുന്നവരുടെ യോജിച്ച പോരാട്ടം അനിവാര്യം: വിജൂ കൃഷ്ണൻ

സ്വന്തം ലേഖിക

കൊച്ചി

കേന്ദ്രസർക്കാരിന്റെ തൊഴിലാളി–കർഷക ദ്രോഹ നയങ്ങൾക്കെതിരെ കർഷകരും തൊഴിലാളികളും ജീവനക്കാരും യോജിച്ച പോരാട്ടം നടത്തണമെന്ന് അഖിലേന്ത്യാ കിസാൻ സഭ ജനറൽ സെക്രട്ടറി വിജൂ കൃഷ്ണൻ ആഹ്വാനം ചെയ്തു. കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ (കെജിഒഎ) 57–ാംസംസ്ഥാന സമ്മേളനത്തിന്റെ പ്രതിനിധി സമ്മേളനം എറണാകുളം ടൗൺഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കഴിഞ്ഞ 30 വർഷത്തിനിടെ നാലുലക്ഷം കർഷകർ ഇന്ത്യയിൽ ആത്മഹത്യ ചെയ്തു. കർഷകരുടെ വരുമാനം ഇരട്ടിയാക്കുമെന്നും ഉൽപ്പാദന ചെലവിനേക്കാൾ 50 ശതമാനത്തിലധികം താങ്ങുവില നൽകുമെന്നും വാഗ്ദാനംനൽകി അധികാരത്തിലേറിയ മോദി സർക്കാർ കർഷകരുടെ ഭൂമി ഏറ്റെടുക്കുന്നതരത്തിൽ കാർഷിക നിയമങ്ങൾ നടപ്പാക്കി. നോട്ട് നിരോധനം കർഷകരെ ദുരിതത്തിലാക്കി, ആത്മഹത്യയിലേക്ക് നയിച്ചു.

കേന്ദ്രനയങ്ങൾക്കെതിരെ അതിശക്തമായ പ്രക്ഷോഭമാണ് കർഷകർ നടത്തിയത്. ഇതിനെ പിന്തുണച്ച തപാൽ ജീവനക്കാരുടെ സംഘടനകളുടെ അംഗീകാരം കേന്ദ്രം പിൻവലിച്ചു.

പ്രതിഷേധിക്കുന്ന എഴുത്തുകാരും മാധ്യമപ്രവർത്തകരും കൊല്ലപ്പെടുന്നു. ഗുജറാത്ത് കലാപത്തിന് നേതൃത്വം നൽകിയവർ കുറ്റവിമുക്തരായി രാജ്യം ഭരിക്കുന്നു. രാജ്യത്തിന്റെ അഭിമാനമുയർത്തിയ വനിതാ കായിക താരങ്ങൾ ചൂഷണത്തിന് ഇരയാകുന്നു.

തെരഞ്ഞെടുപ്പ് കമീഷനെയും ജുഡീഷ്യറിയെയുമടക്കം വരുതിയിലാക്കാൻ ശ്രമം നടക്കുന്നു. പ്രക്ഷോഭമുയർത്തുന്ന കർഷകരെയും തൊഴിലാളികളെയും ഭിന്നിപ്പിക്കാൻ വർഗീയകലാപം സൃഷ്ടിക്കുന്നു. ഇത്തരം നയങ്ങൾക്കെതിരെ ജനാഭിപ്രായം രൂപീകരിക്കാൻ സർക്കാർ ജീവനക്കാർ കാര്യക്ഷമമായി ഇടപെടണമെന്ന് വിജൂ കൃഷ്ണൻ പറഞ്ഞു.

കെജിഒഎ സംസ്ഥാന പ്രസിഡന്റ് ഡോ. എം എ നാസർ അധ്യക്ഷനായി. സംസ്ഥാന വൈസ് പ്രസിഡന്റുമാരായ എ എസ് സുമയും പി പി സുധാകരനുരക്തസാക്ഷിപ്രമേയവും അനുശോചനപ്രമേയവും അവതരിപ്പിച്ചു.

സ്വാഗതസംഘം ചെയർമാൻ സി എൻ മോഹനൻ, എഫ്എസ്ഇടിഒ ജനറൽ സെക്രട്ടറി എം എ അജിത്കുമാർ, കേന്ദ്രസർക്കാർ ജീവനക്കാരുടെ കോൺഫെഡറേഷൻ ജനറൽ സെക്രട്ടറി വി ശ്രീകുമാർ, ജനറൽ കൺവീനർ ടി എൻ മിനി എന്നിവർ സംസാരിച്ചു.



കെജിഒഎ 57–ാംസംസ്ഥാന സമ്മേളനത്തിന്റെ പ്രതിനിധി സമ്മേളനം അഖിലേന്ത്യ കിസാൻ സഭാജനറൽ സെക്രട്ടറി വിജൂ കൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

## സമ്മേളനം ഇന്ന് സമാപിക്കും

കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ 57–ാം സംസ്ഥാന സമ്മേളനത്തിന് തിങ്കളാഴ്ച സമാപനമാകും. എറണാകുളം ടൗൺഹാളിൽ പകൽ 11.30ന് 'വർഗീയതയുടെ വർത്തമാനം' വിഷയത്തിൽ പ്രഭാഷണം നടക്കും. പകൽ രണ്ടിന് യാത്രയയപ്പുസമ്മേളനം എൽഡിഎഫ് കൺവീനർ ഇ പി ജയരാജൻ ഉദ്ഘാടനം ചെയ്യും.

7–ാം ചരമവാർഷികം
(8.05.2023)



ഉഷ
ഉഷസ്, മധുരക്കോട്
അകലെയാണെങ്കിലും
അരികിലുണ്ടെന്നും നിൻ
അദൃശ്യ ദിവ്യ സ്നേഹ സ്പർശം
ദുഃഖ സ്മരണയിൽ ഭർത്താവ്- രമേശൻ
മക്കൾ, മരുമക്കൾ, ചെറുമക്കൾ

14 –ാം ചരമവാർഷികം (08.05.2023)



കെ. എൽ ഗീതാദേവി
മുനീരം, വട്ടിയൂർക്കാവ് പി. ഒ.
ഒരുപിടി നല്ല ഓർമകളുമായി

കെ. സി. വിക്രമൻ (ഭർത്താവ്)
വി. ജി. മുനിദർശൻ (മകൻ)
എസ്. ഗിരിജ (മരുമകൾ)
വിവിക ദർശൻ (ചെറുമകൾ)

എം. ലീല (മാതാവ്)
ജെ. എസ്. അശോകൻ (സഹോദരൻ)

